# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത**<br>**ചോദ്യം നമ്പർ: 1282** | **06.03.2018 - ൽ**<br>**മറുപടിയ്ക്ക്** |

### സ്റ്റേറ്റ് ഫാമുകളുടെ ആധുനികവത്ക്കരണം

| **ചോദ്യം**<br>**ശ്രീ. ആന്റണി ജോൺ** | **മറുപടി**<br>**ശ്രീ. വി. എസ്. സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷിവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഫാമുകളുടെ ആധുനികവത്ക്കരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) സ്റ്റേറ്റ് ഫാമുകളുടെ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ലഭ്യമായ സ്ഥലം പൂർണ്ണമായും ആധുനിക രീതിയിലുള്ള കൃഷിയ്ക്കായി ഉപയോഗിച്ചു വരുന്നു. സ്റ്റേറ്റ് ഫാമുകൾ ആധുനീകവത്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. യന്ത്രവൽക്കരണം എന്ന പദ്ധതിയിൽ 300 ലക്ഷം രൂപയും അടിസ്ഥാനസൗകര്യ വികസനത്തിനായി 460 ലക്ഷം രൂപയും പഴവർഗ്ഗത്തോട്ട സംരക്ഷണവും പ്രോജനി തോട്ടങ്ങൾ ആരംഭിക്കുന്നതിനുമായി 100 ലക്ഷം രൂപയും സംയോജിത കൃഷി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയും വിദേശ പഴവർഗ്ഗ വിളകൾ നട്ടുപിടിപ്പിക്കുന്നതിനായി 100 ലക്ഷം രൂപയുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| ബി) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | ബി) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി 30 വർഷത്തോളമായി കാടുപിടിച്ച് കിടന്ന 56 ഏക്കറോളം സ്ഥലം വെട്ടിതെളിച്ച് സംയോജിത കൃഷികൾ നടത്തുന്നു. ഇതുവഴി വിദേശ ഇനം ഫലവർഗ വൃക്ഷത്തോട്ടം, കുരുമുളക്‌ത്തോട്ടം, കാപ്പി, ഏലം വിവിധ ഇനം അത്യുൽപ്പാദന ശേഷിയുള്ളതും കുറിയ ഇനത്തിൽപ്പെട്ടതുമായ തെങ്ങിൻ തോട്ടം, വിദേശ ഇനം ഫലവൃക്ഷങ്ങളുടെ മാതൃകത്തോട്ടം, മത്സ്യകുളങ്ങൾ, വിവിധ തരത്തിലുള്ള ഔഷധ സസ്യങ്ങളുടെ പ്രദർശനത്തോട്ടം, അതിസാന്ദ്രതാ കൃഷി രീതിയിലുള്ള മാവ്, കശുമാവ് എന്നിവയുടെ തോട്ടം തുടങ്ങിയവ തുടങ്ങുവാൻ പദ്ധതിയുണ്ട്. ഇവയിലെല്ലാം കണിക ജലസേചനം നടത്തുവാനും, പച്ചക്കറിതൈകൾ, ഫലവർഗ്ഗ വൃക്ഷങ്ങളുടെ തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |
| സി) നേര്യമംഗലം ഫാമിന്റെ നവീകരണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | സി) നിലവിലുള്ള വികസന പ്രവർത്തനങ്ങൾ 2018 മാർച്ച് അവസാനത്തോട് കൂടി പൂർത്തീകരിക്കുന്നതാണ്. നേര്യമംഗലം ഫാമിന്റെ സമഗ്ര പുരോഗതിക്കായി വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**